# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 265 — 20.06.13 ൽ - മറുപടിക്ക്

## റേഷൻ ഷോപ്പുകളുടെ കമ്പ്യൂട്ടറൈസേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ : | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ ബി.പി.എൽ/എ.പി എൽ വിഭാഗക്കാർക്ക് ഒരു മാസത്തേയ്ക്ക് അനുവദിച്ചിട്ടുള്ള റേഷൻ സാധനങ്ങളും അവയുടെ അളവും തൂക്കവും വിലയും വേർതിരിച്ച് വ്യക്തമാക്കുമോ; | (എ) 2013 ജൂൺ മാസത്തിൽ ബി.പി.എൽ./ എ.പി.എൽ വിഭാഗത്തിന് അനുവദിച്ചിട്ടുള്ള റേഷൻ സാധനങ്ങളുടെ അളവും വിലയും ചുവടെ ചേർക്കുന്നു.<br>• ബി.പി.എൽ. കാർഡുടമകൾക്ക് 2013 ജൂൺ മാസത്തിൽ കിലോഗ്രാമിന് 1/-രൂപ നിരക്കിൽ 25 കിലോഗ്രാം അരിയും 2/- രൂപ നിരക്കിൽ 5 കിലോഗ്രാം ഗോതമ്പും ലഭിക്കും.<br>• എ.പി.എൽ. കാർഡുടമകൾക്ക് കിലോക്ക് 8.90 രൂപ നിരക്കിൽ 9 കിലോഗ്രാം അരിയും 6.70 രൂപ നിരക്കിൽ 3 കിലോഗ്രാം ഗോതമ്പും ലഭിക്കും.<br>• എ.പി.എൽ. വിഭാഗത്തിൽപ്പെട്ട രണ്ടു രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യവിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 9 കിലോഗ്രാം അരിയും 3 കിലോഗ്രാം ഗോതമ്പും കിലോഗ്രാമിന് 2/- രൂപ നിരക്കിൽ ലഭിക്കും.<br>• എ.എ.വൈ. വിഭാഗത്തിൽപ്പെട്ടവർക്ക് 1/- രൂപ നിരക്കിൽ 35 കിലോഗ്രാം അരി ലഭിക്കും.<br>• അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി ലഭിക്കും.<br>• കിലോഗ്രാമിന് 13.50 രൂപ നിരക്കിൽ ബി.പി. എൽ./എ.എ.വൈ. വിഭാഗത്തിലെ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാര ലഭിക്കും<br>• എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് കിലോഗ്രാമിന് 12/- രൂപ നിരക്കിൽ കാർഡൊന്നിന് 2 കിലോഗ്രാം ആട്ട പ്രതിമാസം ലഭിക്കും<br>• എല്ലാ വൈദ്യുതീകരിച്ച വീടുള്ള കുടുംബങ്ങൾക്കും 1/2 (അര) ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ള കുടുംബങ്ങൾക്ക് 4 ലിറ്റർ മണ്ണെണ്ണയും ലിറ്ററിന് 16.50/17 രൂപ നിരക്കിൽ ലഭിക്കും. |

| | | | |
|---|---|---|---|
| (ബി) | റേഷൻ സാധനങ്ങൾ വാങ്ങുമ്പോൾ നിർബന്ധമായും ബില്ല് കൊടുക്കണം എന്ന് നിയമമുണ്ടോ; ഉണ്ടെങ്കിൽ ആയത് പാലിക്കപ്പെടാത്ത ഡീലർമാർക്കെതിരെ നടപടിയെടുക്കുമോ; | (ബി) | ബില്ല് കൊടുക്കണമെന്ന് നിയമമുണ്ട്. ബില്ലു കൊടുക്കാത്ത വിവരം ശ്രദ്ധയിൽപെടുന്ന പക്ഷം റേഷൻ ഡീലർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | റേഷൻ വ്യാപാരികൾക്ക് പൊതു അവധി കൂടാതെ എതെല്ലാം ദിവസങ്ങൾ ഒഴിവു ദിനങ്ങളാണ്; | (സി) | ഞായറാഴ്ച കൂടാതെ താഴെപ്പറയുന്ന ദിവസങ്ങളും റേഷൻകടകൾക്ക് അവധിയായി പ്രഖ്യാപിച്ചിട്ടുണ്ട്.<br>1 റിപ്പബ്ലിക് ദിനം 2 സ്വാതന്ത്ര്യദിനം<br>3 രണ്ടാം ഓണം 4 വിഷു<br>5 മഹാനവമി 6 റംസാൻ<br>7 ബക്രീദ് 8 ക്രിസ്തുമസ്<br>9 ദു:ഖവെള്ളി 10 മേയ് ദിനം<br>11 ഗാന്ധി ജയന്തി 12 ശ്രീനാരായണ ഗുരു ജയന്തി<br>13 മിലാഡ്-ഇ-ഷെറീഫ് 14 ശിവരാത്രി<br>15 പെസഹാവ്യാഴം |
| (ഡി) | റേഷൻ ഷോപ്പുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിന് സാധ്യതയുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്? | (ഡി) | റേഷൻ സംവിധാനം സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് **(End-to-End Computerisation)** തീരുമാനിച്ചിട്ടുണ്ട്. ഇതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. നടപ്പിൽ വരുത്തുന്നതിനുള്ള സമയപരിധി തീരുമാനിക്കപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ